"ഭരണഭാഷ- **മാതൃഭാഷ**"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ്-ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്-അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.അമൽ സുദീപ് -ന് കെ.എസ്.ആർ. ഭാഗം I, ചട്ടം 91-A പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.785/2025/LBR തീയതി,തിരുവനന്തപുരം, 28-06-2025

---

പരാമർശം:- 1. അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.അമൽ സുദീപ് 20.07.2020, 04.10.2023 തിയ്യതികളിൽ സമർപ്പിച്ച അവധി അപേക്ഷകൾ.

2. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 20.06.2024, 04.11.2024 തിയ്യതികളിലെ ഇ1-3828/2023/ഡി.ഐ.എം.എസ് നമ്പർ കത്തുകൾ.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ പാലക്കാട് ഇ.എസ്.ഐ ഡിസ്പെൻസറിയിൽ 15.09.2011 പൂർവ്വാഹ്നത്തിൽ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ആയി സർവ്വീസിൽ പ്രവേശിച്ച ഡോ.അമൽ സുദീപ്, ആലപ്പുഴ ടി ഡി മെഡിക്കൽ കോളേജ് ആശുപത്രിയിൽ എം.എസ്. ജനറൽ സർജറി കോഴ്സ് ചെയ്യുന്നതിനായി 30.07.2020 മുതൽ 09.08.2023 വരെയും പഠനത്തിന്റെ ഭാഗമായി (നിർബന്ധിതം) സീനിയർ റസിഡൻസി ചെയ്യുന്നതിനായി 05.10.2023 മുതൽ 04.10.2024 വരെയുള്ള കാലയളവിലേക്കും പഠനാവശ്യത്തിനുള്ള ശൂന്യവേതനാവധി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു. പ്രസ്തുത അപേക്ഷ ശിപാർശ ചെയ്ത് പരാമർശം (2) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.അമൽ സുദീപിന് 30.07.2020 മുതൽ 09.08.2023 വരെയും, 05.10.2023 മുതൽ 04.10.2024 വരെയും, കെ.എസ്.ആർ. ഭാഗം I, ചട്ടം 91-A പ്രകാരം ടി കാലയളവ് ആർജ്ജിതാവധിയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിലും; കെ.എസ്.ആർ. ഭാഗം I, ചട്ടം 33 (b) (2) ന് ചുവടെയുള്ള ഒന്നാം പ്രൊവിസോയിലെയും, ചട്ടം 91 A-യ്ക്ക് ചുവടെയുള്ള കുറിപ്പിലെയും [included as per amendment issued vide G.O. (P) No. 587/15/Fin dtd 26/12/2015] മറ്റ്

നിബന്ധനകൾക്ക് വിധേയമായും പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം
ഡോ.അമൽ സുദീപ്, അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ധനകാര്യ വകുപ്പ് (28.04.2025 ലെ 3108425/LBR-1/93/2025-FIN പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 28-06-2025 14:52:25
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.